പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം**

**നം. 2698** **06.11.2019-ൽ മറുപടിയ്ക്ക്**

**മഹാകവി. ജി. ശങ്കരക്കുറിപ്പിന് സ്മാരകം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) 18.07.2017-ലെ റവന്യൂ വകുപ്പിന്റെ 233/2017/റവ. നമ്പർ ഉത്തരവ് പ്രകാരം കണയന്നൂർ താലൂക്കിൽ സർവ്വേ നമ്പർ 2681-ൽപ്പെട്ട റവന്യൂ പുറമ്പോക്കായ 25 സെന്റ് സ്ഥലം മഹാകവി ജി. ശങ്കരക്കുറുപ്പിന് സ്മാരകം നിർമ്മിക്കുന്നതിനായി അനുവദിച്ചിട്ടും നിർമ്മിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;<br><br>(ബി) ഇത് എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (എ-യും, ബി-യും) | മഹാകവി ജി. ശങ്കരകുറുപ്പ് സ്മാരകം നിർമ്മിക്കുന്നതിനു വേണ്ടി കണയന്നൂർ താലൂക്കിൽ എറണാകുളം വില്ലേജിൽ സർവ്വേ നമ്പർ 2681 - ൽപ്പെട്ട 1 ഏക്കർ റവന്യൂ പുറമ്പോക്ക് ഭൂമി കൊച്ചി നഗരസഭയ്ക്ക് കൈമാറ്റം ചെയ്യുന്നതിന് 20/5/2005 ലെ സ. ഉ (എം. എസ്) നം. 149/2005/റവന്യൂ പ്രകാരം ഉത്തരവായിയെങ്കിലും, ഭൂമിയുടെ ലഭ്യത കുറവ് കാരണം ആയത് കൈമാറി ലഭിക്കുക ഉണ്ടായില്ല. തുടർന്ന് മേൽപരാമർശിച്ച സർവ്വേ നമ്പറിൽ ഉൾപ്പെട്ട 25 സെന്റ് ഭൂമി കൊച്ചി നഗരസഭയ്ക്ക് കൈമാറ്റം ചെയ്യുന്നതിന് 18.07.2017 ലെ സ. ഉ (എം. എസ്) നം. 233/2017/റവന്യൂ പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ കൊച്ചി നഗരസഭയ്ക്ക് അനുവദിച്ച പ്രസ്തുത സ്ഥലം ഏക്കറുകളോളം വരുന്ന റവന്യൂ ഭൂമിയിൽ ഉള്ളിലായി സ്ഥിതി ചെയ്യുന്ന 25 സെന്റ് സ്ഥലമാണ്. പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തുവാൻ പറ്റാത്ത വിധത്തിൽ കാട് പിടിച്ച് കിടക്കുന്നതിനാലും കൃത്യമായി സ്ഥലം അളന്ന് ലഭ്യമാകാതിരുന്നതിനാലുമാണ് പ്രസ്തുത സ്മാരക നിർമ്മാണത്തിന് കാലതാമസം നേരിടുന്നത്. ടി സ്ഥലം കാട്ട വെട്ടിത്തളിച്ച് വൃത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഓവർസിയറുടെ പേരിൽ 60,000/- രൂപ കൊച്ചി നഗരസഭാ അധികൃതർ തുക ഒടുക്കിയിട്ടുണ്ട്. കൂടാതെ ടി സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനായി കൊച്ചി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ |

ഉൾപ്പെടുത്തി എസ്.1204/2019 പ്രോജക്റ്റ് നമ്പരിൽ 5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളതും, നിലവിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത സ്മാരക നിർമ്മാണത്തിന്റെ രൂപകൽപ്പന ചെയ്യുന്നതിനും മറ്റുമായി കൊച്ചി നഗരസഭാ അധികൃതർ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ